സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ബസുകൾക്ക് ബ്രേക്ക് ഡൗൺ, ആക്സിഡന്റ് എന്നിവമൂലം സർവ്വീസ് മുടങ്ങുവാൻ കഴിയാതെ വന്നാൽ പ്രസ്തുത റൂട്ടിലൂടെ കെ.എസ്.ആർ.ടി.സി.-യുടെ ഏതെങ്കിലും ബസുകൾ അടുത്ത അരമണിക്കൂറിനകം വരാനില്ലെങ്കിൽ മുടർന്നുള്ള യാത്രാക്കൂലി യാത്രക്കാർക്ക് മടക്കി നൽകുന്നുണ്ട്. റീഫണ്ട് ചെയ്യുമ്പോൾ അതുവരെ യാത്ര ചെയ്ത യാത്രാക്കൂലി ഈടാക്കി ബാക്കി തുക നൽകുന്നതിന് പകരം യാത്രക്കാരൻ ടിക്കറ്റ് എടുത്ത സ്ഥലത്തേയ്ക്ക് അതേ തരം ബസിൽ യാത്ര ചെയ്യുന്നതിന് ആവശ്യമായ തുകയാണ് നൽകുന്നത്.

കെ.എസ്.ആർ.ടി.സി. യാത്രക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ

299 (3811) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യാത്രക്കാർക്ക് അധിക ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി ഏർപ്പെടുത്തിയ സെസ്സിന്റെ കളക്ഷൻ, വിനിയോഗം എന്നിവ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത അവലോകനത്തിന്റെ വിശദാംശം നൽകുമോ;

(സി) സെസ്സ് ഏർപ്പെടുത്തുകയും ഇന്ധനവിലയിൽ കുറവുണ്ടാകുകയും ചെയ്ത സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി യുടേയും സ്വകാര്യ സർവ്വീസുകളുടേയും യാത്രാ നിരക്കിൽ വ്യത്യാസം വന്നിട്ടുണ്ടോ; എങ്കിൽ എത്രത്തോളമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്.

(ബി) യാത്രക്കാർക്ക് അപകട സമൂഹ ഇൻഷ്വറൻസ് ഏർപ്പെടുത്തിയതുവഴി ചെറുതും വലുതുമായ അപകടങ്ങൾ ഉണ്ടാകുമ്പോൾ യാത്രക്കാർക്ക് അടിയന്തര ചികിത്സ ഏത് ആശുപത്രിയിലും നടത്തുന്നതിനും ഇപ്പോൾ കഴിയുന്നുണ്ട്. ആയതിന്റെ മുഴുവൻ ചെലവും കെ.എസ്.ആർ.ടി.സി. യാണ് വഹിക്കുന്നത്. പിന്നീട് ഇൻഷ്വറൻസ് കമ്പനി ടി തുക കെ.എസ്.ആർ.ടി.സി.ക്ക് തിരിച്ച് നൽകുന്നതുമാണ് ഇപ്പോൾ നടത്തി വരുന്ന സംവിധാനം. കുമിളിയിൽ അടുത്ത

LIBRARY ARCHIVES Kerala Legislative Assembly

കാലത്തുണ്ടായ ബസ്സ് അപകടത്തിൽ മരിച്ച രണ്ട് പേർക്കും, ആശ്രിതർക്കും ഇതര അപകടങ്ങളിൽപ്പെട്ടവർക്കുമുള്ള തുക 7-12-2015-ന് ഗതാഗതവും വനവും വകുപ്പ് മന്ത്രി വിതരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ സെസ്സ് തുക പിരിക്കുന്നതുമൂലം കെ.എസ്.ആർ.ടി.സി. ബസ്സിലെ യാത്രക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യവുമാണ്.

സെസ് ഇനത്തിൽ ലഭ്യമാകുന്ന തുക ട്രഷറിയിലെ പ്രത്യേക അക്കൗണ്ടിലേയ്ക്ക് ഒടുക്കുകയും പ്രസ്തുത തുക പ്രതിമാസ പെൻഷൻ വിതരണത്തിനായി വിനിയോഗിച്ച് വരികയും ചെയ്യുന്നു.

(സി) ടിക്കറ്റ് നിരക്കിൽ യാതൊരുവിധത്തിലുള്ള വ്യത്യാസവും വന്നിട്ടില്ല. എന്നാൽ കെ.എസ്.ആർ.ടി.സി. 15 രൂപയും അതിന് മുകളിലേയ്ക്കുള്ള ടിക്കറ്റുകൾക്ക് ഇൻഷ്വറൻസ് തുക ഈടാക്കുന്നതിനാൽ സ്വകാര്യ ബസ് ടിക്കറ്റ് നിരക്കുമായി വ്യത്യാസമുണ്ട്. എന്നാൽ സ്വകാര്യ ബസ്സുകളിൽ യാത്ര ചെയ്യുന്ന യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ഏർപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതല്ല.

കെ.എസ്.ആർ.ടി.സി.യിൽ ഇ-ഗവേണൻസ് പദ്ധതി

300 (3812) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ ഇ-ഗവേണൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) കെ.എസ്.ആർ.ടി.സി.യുടെ വിവിധ സേവനങ്ങൾ വേഗത്തിലും സൗകര്യപ്രദമായും പൊതുജനങ്ങൾക്ക് ലഭ്യമാക്കുക, ജീവനക്കാരുടെ ജോലി ഭാരം ലഘൂകരിക്കുക, ചെലവ് കുറച്ച് വരുമാനത്തിൽ വർദ്ധനവുണ്ടാക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly